## തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്
## (ഹാജർ: ബി.സുനിൽകുമാർ)

### സംഗ്രഹം

കൊല്ലവർഷം 1201- തിരുവനന്തപുരം ഗ്രൂപ്പിൽ തിരുവല്ലം ദേവസ്വം മേൽശാന്തി നിയമനം സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ROC.59/21/S — തീയതി: 13/08/2025

---

സൂചന:- തിരുവനന്തപുരം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 13/08/2025-ലെ 1680 നമ്പർ റിപ്പോർട്ട്.

### ഉത്തരവ്

തിരുവനന്തപുരം ഗ്രൂപ്പിൽപ്പെട്ട തിരുവല്ലം ദേവസ്വത്തിൽ കൊല്ലവർഷം 1201-ലെ (2025 - 2026) മേൽശാന്തിയെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് ലഭിച്ച അപേക്ഷകരിൽ നിന്നും ഇന്റർവ്യൂ നടത്തി അവർക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ 12 പേരുകൾ അടങ്ങിയ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുണ്ടായി.

ടി 12 ശാന്തിക്കാരിൽ ചെട്ടിക്കുളങ്ങര ദേവസ്വം മേൽശാന്തിയായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ.അജിനാരായണൻ, പി.ഡി മണികണ്ഠേശ്വരം ദേവസ്വം മേൽശാന്തിയായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ.നന്ദകുമാർ.എം.കെ എന്നിവരുടെ പേരുകൾ ഒഴിവാക്കി മറ്റുള്ള 10 പേരുകൾ ഉൾപ്പെടുത്തി 13/08/2025-ൽ തിരുവല്ലം ദേവസ്വത്തിൽ നടന്ന നറുക്കെടുപ്പിൽ ഉള്ളൂർ ഗ്രൂപ്പിൽപ്പെട്ട മാണിക്കോട് ദേവസ്വം ശാന്തി ശ്രീ.ശ്യാം.എൻ.എസ്.കുമാർ, ആറന്മുള ഗ്രൂപ്പിലെ ആറന്മുള ദേവസ്വം ശാന്തി ശ്രീ.എസ്.മഹേഷ് എന്നിവരെ മേൽശാന്തിമാരായി തെരഞ്ഞെടുത്തിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ശ്യാം.എൻ.എസ്.കുമാർ, ശ്രീ.എസ്.മഹേഷ് എന്നിവരെ അടുത്ത ഒരു വർഷക്കാലത്തേയ്ക്ക് (2025 - 2026) തിരുവല്ലം ദേവസ്വം മേൽശാന്തിമാരായി 01/09/2025 മുതൽ 31/08/2026 വരെ നിയമിച്ചും ടിയാന്മാർ 01/09/2025-ന് മുന്നോടിയായി ടി ദേവസ്വത്തിൽ 7 ദിവസത്തെ ഭജനം ഇരിക്കുന്നതിന് നിർദ്ദേശിച്ചും ഉത്തരവാകുന്നു.

എന്തെങ്കിലും കാരണവശാൽ 01/09/2025-ന് ചുമതലയേൽക്കാൻ കഴിഞ്ഞില്ലെങ്കിലും ടി ജീവനക്കാരുടെ മേൽശാന്തിമാരായിട്ടുള്ള സേവനം 31/08/2026 വരെ മാത്രമായിരിക്കും.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്
2. ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവനന്തപുരം
3. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ - ഉള്ളൂർ, ആറന്മുള, തിരുവനന്തപുരം
4. ഐ.റ്റി സെക്ഷൻ
5. സെക്ഷൻ ഫയൽ

AR.13/08